# സംവാദം

വിശ്വസംവാദ കേന്ദ്രം

ജൂൺ 2022


## മുഖവാദം

'ലോകത്തിലെ ഏറ്റവും പഴയ സാഹിത്യം വേദസാഹിത്യമാണ്. ഇത്രയും ഗാംഭീര്യമുള്ളൊരു അക്ഷരസമാഹാരം അക്കാലത്ത് വേറെയുണ്ടായിട്ടില്ല. അതിൽ ഉപയോഗിച്ച വാക്കാണ് 'ഭാരതം.' ഭാരതീയരെ 'ഭാരതം ജനം' എന്നാണ് അതിൽ വിശേഷിപ്പിക്കുന്നത്. ആകാശവും ഭൂമിയും ചേർന്ന് നടത്തുന്ന ഒരു ആശംസയായിട്ടാണ് ഈ ചിന്ത ഋഗ്വേദത്തിൽ വെളിപ്പെടുന്നത്. ഭാരതത്തിൽ ജനിച്ചു ജീവിക്കുന്നവരെല്ലാം ഭാരതജനമാണ്. മതവും ദേശവും ഏതുമാകട്ടെ, വ്യത്യാസമില്ല എന്ന് സാരം.

നമ്മുടെ ഭരണഘടന അതിനെ എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞും സ്വീകരിച്ചിരിക്കുന്നു. ഈ അതിസൂക്ഷ്മമായ ഏകചിന്തയുടെ ധന്യധാരയാണ് ഭാരതീയതയുടെ ബീജം. ഭൂമിശാസ്ത്രത്തെയല്ല അതിൽ ആരാധിക്കുന്നത് മറിച്ച് മനുഷ്യരെയാണ്.

ഭാരതം ഞങ്ങൾക്ക് മനസ്സിലെ സംഗീതമാണ്. ഭാരതത്തിന്റെ സംസ്കാരത്തെക്കുറിച്ച് വിചാരണ ചെയ്യുക എന്നത് ആത്മീയമായ ഒരു ലാവണ്യാനുഭൂതിയാണ്. യുഗങ്ങളോളം തപസ്സു ചെയ്ത മനസ്സ് ഒരു സുപ്രഭാതത്തിൽ കണ്ണു തുറന്നപ്പോൾ രചിക്കപ്പെട്ട അക്ഷരങ്ങളാണത്, ഖഡ്ഗത്തിന്റെ സീൽക്കാരം ഈ രാഷ്ട്രത്തിന്റെ ഹൃദയസംഗീതത്തെ ഒരിക്കലും പ്രതിധ്വനിപ്പിച്ചിട്ടില്ല.'

**ഡോ. സുകുമാർ അഴീക്കോട്**



# വിനാശത്തെ എതിർക്കും




**മാരിയ അബു**

കെ റെയിലിനെതിരെ സമരരംഗത്തിറങ്ങിയ സ്ത്രീകളെ സംഘടിപ്പിച്ച് തൃശ്ശൂരിൽ നടത്തിയ സംഗമത്തിലെ രണ്ട് പ്രസംഗങ്ങൾ - മാധ്യമം റിപ്പോർട്ട് ചെയ്തത്

**പ**ത്തുവർഷമായി പത്രം പോലും വായിക്കാറില്ലാത്ത ആളായിരുന്നു ഞാൻ. ജീവിത സാഹചര്യം അങ്ങനെയായിരുന്നു. എന്റെ ഭർത്താവ് സിപിഎമ്മുകാരനായിരുന്നു. ഇപ്പോഴില്ല. ഒന്നര വയസ്സുള്ള കൊച്ചിനെ ഒക്കത്തുവച്ച് സഖാക്കന്മാർക്ക് തിന്നാൻ ചിക്കൻകറി വച്ച് പാർട്ടി ഓഫീസിലേക്ക് കൊടുത്തുവിട്ട ആളാണ് ഞാൻ.

സീ പോർട്ട് എയർപോർട്ട് റോഡിന് വേണ്ടി എന്റെ സ്ഥലം 22 വർഷമായി എടുത്തിട്ടിരിക്കുന്നു. വയലാണത്. അതിന്റെ ഫയൽ ഒച്ച് അനങ്ങുന്നതുപോലെയാണ് നീങ്ങുന്നത്. കെ റെയിൽ പോലെയല്ല. സ്റ്റാഫില്ല എന്നാണ് കാരണമായി പറയുന്നത്. അതിനിടയിലാണ് ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു എന്ന് പറയുംപോലെ കെ റെയിൽ അലൈൻമെന്റിലും എന്റെ വീട് വരുന്നത്. നമ്മുടെ സ്ഥലത്തിന് നടുവിലൂടെയാണ് പോകുന്നത്. എന്ത് ചെയ്യുമെന്ന് പാർട്ടിക്കാരോട് ചോദിച്ചു. ഇവിടെ വികസനം വരണമെന്നായിരുന്നു ഉത്തരം.

അങ്ങനെ തിരുവോണത്തിന്റന്ന് രാവിലെ ആ വിജ്ഞാപനവും ചുരുട്ടിപ്പിടിച്ച് ഇറങ്ങിയതാണ്. എറണാകുളം ജില്ലയിൽ മൂന്ന് കൺവെൻഷനുകൾ നടത്തി. ഭീഷണിയുണ്ടായിരുന്നെന്ന് മകൻ പറഞ്ഞു. വാപ്പച്ചീടെ പാർട്ടിക്കെതിരായിട്ടാണ്. ഞാൻ പാർട്ടിക്കെതിരല്ല. വിനാശ പദ്ധതിക്കാണ് എതിര്. വരുന്ന തലമുറയ്ക്ക് പദ്ധതി വന്നാൽ ഗുണമുണ്ടെന്ന് തെളിയിക്കുകയാണെങ്കിൽ ഞാൻ സ്ഥലം എഴുതിക്കൊടുത്തിരിക്കും. പക്ഷേ ഇത് വിനാശ പദ്ധതിയാണ്.

കെ റെയിൽ സമരം ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭർത്താവ് മരിച്ച ശേഷം വായന നിർത്തിയ ആളാണ് ഞാൻ. കെ റെയിൽ വിഷയം വന്നതിനുശേഷമാണ് വീണ്ടും വായന തുടങ്ങിയത്. കിട്ടാവുന്ന രേഖകളും എഴുത്തുകളുമെല്ലാം വായിച്ചുപഠിച്ചു. ഈ പദ്ധതി സാമ്പത്തികമായും പാരിസ്ഥിതികമായും വിനാശമാണെന്ന് മനസ്സിലാക്കി. പെൺകുട്ടികളുടെ നെഞ്ചത്ത് പോലീസ് ലാത്തി കൊണ്ട് കുത്തുന്നതും സ്ത്രീകളെ അറവുമാടിനെയെന്ന പോലെ വലിച്ചുകൊണ്ടുപോവുന്നതുമെല്ലാം കണ്ടതോടെ ഇനി പിന്നോട്ടില്ല എന്ന് തീരുമാനിച്ചു. പൊതുസദസ്സിൽ സംസാരിക്കുമ്പോൾ കാല് കൂട്ടിയിടിച്ചിരുന്ന ആളായിരുന്നു. ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്ന് സംസാരിക്കാൻ പഠിപ്പിച്ചത് കെ റെയിലാണ്.

സ്ത്രീകൾ കിറ്റിൽ വീണ് വോട്ട് ചെയ്തു എന്ന് ആക്ഷേപമുണ്ട്. അങ്ങനെ വീഴുന്നവരല്ല സ്ത്രീകൾ. കൊവിഡ് കാലത്ത് അടച്ചുമൂടി ലോകമിരുന്ന കാലത്ത് ചിലതൊക്കെ സർക്കാർ ചെയ്തതായി ജനങ്ങൾക്ക് തോന്നിയിട്ടുണ്ട്. നല്ല പ്രതിരപക്ഷം ഇല്ലാതിരുന്നതും പിണറായി വീണ്ടും വരുന്നതിന് കാരണമായിട്ടുണ്ട്. അത് ജനവിരുദ്ധപദ്ധതികൾക്കുള്ള ലൈസൻസല്ലെന്ന് സർക്കാർ തിരിച്ചറിഞ്ഞാൽ നല്ലത്.

# ജയിലുകൾ തികയാതെ വരും



**സിന്ധു ജെയിംസ്**

രണ്ട് പെൺമക്കളാണ് എനിക്ക്. രണ്ട് അമ്മമാരുമുണ്ട്. രണ്ടുപേരും വിധവകൾ. അച്ഛനില്ല, അമ്മായിയപ്പനുമില്ല. രണ്ടുപേരെയും കൊണ്ടുപോകാൻ വേറെ സ്ഥലമില്ല. ആകെയുള്ളത് 45 സെന്റ് സ്ഥലവും പണിതുകൊണ്ടിരിക്കുന്ന വീടുമാണ്. അത് പണി തീർത്തിട്ട് വേണം രണ്ട് അമ്മമാരെയും ആ വീട്ടിലേക്ക് മാറ്റാൻ.

ആറ് വീടിന് അപ്പുറത്താണ് മന്ത്രി സജി ചെറിയാൻ താമസിക്കുന്നത്. അദ്ദേഹവുമായി നല്ല കുടുംബബന്ധമാണ്. പ്ലസ്ടു വരെ അദ്ദേഹത്തിന്റെ പ്രസംഗം കേട്ട് വളർന്നയാളാണ് ഞാൻ. അദ്ദേഹത്തിന്റെ വീടിന് മുകളിലൂടെ പോകുമായിരുന്ന കെ റെയിൽ അലൈൻമെന്റ് 300 മീറ്റർ മാറ്റി ഒരു ദേവീക്ഷേത്രത്തിനു മുകളിലൂടെയാക്കി. അതോടെ റെയിൽവേ വികസനത്തിനായി കുടിയൊഴിക്കപ്പെട്ട 58 കുടുംബങ്ങളുള്ള ഭൂതംകുന്ന് കോളനിക്കാർ വീണ്ടും കുടിയൊഴിക്കൽ ഭീഷണിയിലായി.

സജിചെറിയാന്റെ സ്വന്തം സഹോദരന്റെ വീടിനുമുകളിലൂടെയാണ് ആ അലൈൻമെന്റ് പോയത്. അതൊഴിവാക്കി വളച്ചുണ്ടാക്കിയ അലൈൻമെന്റ് ഞാൻ പണിയുന്ന വീട്ടിലേക്ക് എത്തി. അദ്ദേഹത്തിന്റെ ജനതപ്രസും അതിനോട് ചേർന്ന ഭൂമിയിൽ നിന്ന് ഒരു സെന്റ് സ്ഥലംപോലും പോകാത്ത രീതിയിൽ ഓർത്തഡോക്സ് പള്ളി വഴി അലൈൻമെന്റ് മാറ്റി. അങ്ങനെ പാവങ്ങളെ നോക്കി അരിച്ചെടുത്ത് ഇരകളാക്കി അധികാര ദുർവിനിയോഗം നടത്തുകയാണ് മന്ത്രി. ഇത് വിളിച്ചുപറഞ്ഞു എന്നതാണ് ഞാൻ ചെയ്ത കുറ്റം. അതിനാണ് എന്നെ ജയിലിൽ കൊണ്ടുപോയിട്ടത്. അല്ലാതെ ഞാനൊരു കുറ്റിയും പിഴുതു കളഞ്ഞിട്ടില്ല. കെ റെയിൽ സമരത്തിനിടെ പാവപ്പെട്ട മനുഷ്യനെ ചവിട്ടിയ സിഐയോട് ഞാൻ പറഞ്ഞു, "സാറ് നാല് വർഷം കഴിയുമ്പോൾ തന്റേടമുണ്ടെങ്കിൽ യൂണിഫോമിട്ട് ഞങ്ങളുടെ മുന്നിൽ വരണം. അന്ന് മന്ത്രി സജി ചെറിയാൻ കാണില്ല, ഈ രീതിയിൽ മുന്നോട്ടുപോയാൽ സിപിഎം എന്ന പ്രസ്ഥാനവും കാണില്ല," എന്ന്.

സമരക്കാരെ ആദ്യമായി ബൂട്ടിട്ട് ചവിട്ടിയതും പീഡിപ്പിച്ചതും ഞങ്ങളുടെ ചെങ്ങന്നൂരിലാണ്. സ്ത്രീകളുടെ നൈറ്റി വലിച്ചുകീറുകയും ചെയ്തു. മാധ്യമങ്ങൾ ഇതിനൊന്നും കാര്യമായ പരിഗണന നല്കിയില്ല. ഫെയ്സ്ബുക്കിൽ ലൈവിട്ടു എന്ന് പറഞ്ഞായിരുന്നു ആദ്യദിവസം എന്നെ ജീപ്പിലിട്ട് ഉപദ്രവിക്കാൻ ശ്രമിച്ചത്. 'എന്നെ കൊല്ലാൻ ശ്രമിക്കുന്നേ' എന്ന് ലൈവിൽ വിളിച്ചുപറഞ്ഞപ്പോഴാണ് അവർ പിടിവിട്ടത്. കെ റെയിൽ വികസനം നിർബന്ധമായും വരണമെന്ന് ആഗ്രഹിക്കുന്നവർ സ്വന്തം വീടും സ്ഥലവും വിട്ടുകൊടുത്ത് മാതൃകയാകണം. വികസനത്തിനുവേണ്ടിയല്ല, റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് വേണ്ടിയാണ് ഭൂമി പിടിച്ചെടുക്കുന്നത്.

ടിപിയെക്കാൾ വലിയ കഷ്ടത്തിലാകും സിന്ധുവിന്റെ അവസ്ഥയെന്ന് ചിലർ എന്നെ നേരിട്ട് വിളിച്ചുപറഞ്ഞതാണ്. എനിക്ക് ഒരു പേടിയുമില്ല. എന്നായാലും ഒരു ദിവസം ചാവണം. അതിന് ഞാൻ റെഡി. ജയിൽ കാട്ടിയല്ല, കൊല്ലുമെന്ന് പേടിപ്പിച്ചാലും ഞാൻ ലോകത്തിന് മുന്നിൽ സത്യം വിളിച്ചു പറയും.

# ഭാഷാവാദം



**ഹി**ന്ദി ഇപ്പോൾത്തന്നെ ദേശീയഭാഷയാണ്. മലയാളവും തമിഴും ബംഗാളിയും ഉൾപ്പെടെയുള്ളവയും ദേശീയഭാഷകളാണ്. യഥാർത്ഥ വഴക്ക് ഇംഗ്ലീഷിനൊപ്പം ഹിന്ദിയും ഇന്ത്യയുടെ ഔദ്യോഗികഭാഷയെന്നതുമായി ബന്ധപ്പെട്ടാണ്. ഇംഗ്ലീഷിന് നമ്മുടെ മനസ്സുകൾക്കും ഹൃദയങ്ങൾക്കും മേലുള്ള പിടിയെക്കുറിച്ച് എനിക്കുള്ള ആശങ്ക ഹിന്ദിയുമായി ബന്ധപ്പെട്ടതല്ല; ഇംഗ്ലീഷിന്റെ പിടി മാതൃഭാഷകളുമായി നമുക്കുള്ള ബന്ധത്തിന് ഒടിവുണ്ടാക്കുന്നതിനെക്കുറിച്ചാണ്. ഒപ്പം ആ ഒടിവു കാരണം മാനസികമായും സാംസ്കാരികമായും ബൗദ്ധികമായുമുണ്ടാകുന്ന സുദീർഘമായ പ്രത്യാഘാതങ്ങളെക്കുറിച്ചാണ്. ഭാഷയുടെ പ്രശ്നം രാഷ്ട്രീയം നിറഞ്ഞതാണ്. ഞാൻ നിഷേധിച്ചാലും, സങ്കുചിത ഹിന്ദിവാദിയെന്ന് ചിലർ എന്നെ സംശയിച്ചേക്കും. സംശയാലുക്കളോട് എനിക്ക് ചോദിക്കാനുള്ളത് ഇതാണ്: ഇംഗ്ലീഷിനെ പൂർണമായി പ്രയോജനപ്പെടുത്തുമ്പോഴും ചൈനക്കാരും ജപ്പാൻകാരും എന്തുകൊണ്ടാണ് അവരുടെ ഭാഷകളിൽ ഉറച്ചുനിൽക്കുന്നത്?

**ഗീതാഞ്ജലി ശ്രീ**
ബുക്കർ പ്രൈസ് ജേതാവ്
മനോരമയ്ക്ക് നല്കിയ
അഭിമുഖത്തിൽ

# അന്ധതയുടെ ആനന്ദം

**കേ**രളത്തിലെ അഞ്ചുലക്ഷത്തിലേറെ കമ്മ്യൂണിസ്റ്റ് അണികൾ, കണ്ണ് തുറന്ന് കാണേണ്ടതാണ് ഈ ദൃശ്യം. ദുഃഖത്തിന്റെ ഘനീഭവിച്ച രൂപം ഉള്ളിലെ കനലുകൾ മറച്ചുവെച്ചു മാനവികതയുടെ മുഖം പ്രകാശിപ്പിക്കുന്നു. തൊട്ടടുത്ത് ചരിത്രം ഒരിക്കലും മാപ്പു നൽകാത്ത പാപത്തെയുംപേറി നിസ്സഹായത പ്രകടിപ്പിക്കുന്ന മറ്റൊരാൾ. അവർക്കിടയിൽ കനലുകൾ ചാരം മൂടി കിടക്കുന്നുണ്ടാകും. ജോലികഴിഞ്ഞാൽ പ്രാദേശിക പ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്ന ഒരു വീട്ടമ്മ പിബി അംഗത്തിനൊപ്പം വേദിപങ്കിടുമെന്ന് ആരും പ്രതീക്ഷിച്ചില്ല, പക്ഷെ 'കുലംകുത്തി' എന്നാലെന്തെന്ന് 'കാരണഭൂത'നൊന്ന് കാണിച്ചു കൊടുക്കണം എന്ന് മേഘച്ചീളുകൾക്കിടയിലിരുന്ന് കുലംകുത്തി ചിന്തിച്ചോ എന്നറിയില്ല. 51 വെട്ടോടെയെങ്കിലും 'കുലംകുത്തി' ഇഴഞ്ഞും നീന്തിയും മുടന്തിയും ജീവിച്ചോട്ടെ എന്ന് ആ മഹാദുഷ്ടൻ കുഞ്ഞനന്തൻ ക്വട്ടേഷൻ കൊടുത്തപ്പോൾ പറഞ്ഞില്ല. ഈ ദൃശ്യത്തിൽ കാണുന്ന ഒരു സന്ദേശമുണ്ട്. ഒന്ന് ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും ആസ്വദിക്കുന്ന കമ്മ്യൂണിസ്റ്റ് വനിതായന്ത്രം. മറ്റൊന്ന് അതുപോലൊരു പുരുഷ യന്ത്രം ജീവിതം ചതച്ചരച്ച മറ്റൊരു അതിജീവിത. അന്ധതയുടെ ആനന്ദത്തെപ്പറ്റി അണികളെ തെറ്റിദ്ധരിപ്പിച്ചു എത്രനാൾ പോകാൻ പറ്റും?



**അമൃതമഹോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭ സംഘടിപ്പിച്ച വനിതാ സാമാജികരുടെ ദേശീയ സമ്മേളനത്തിൽ സിപിഎം പിബി അംഗം വൃന്ദ കാരാട്ടും കെ.കെ. രമ എംഎൽഎയും (ചിത്രത്തിന് മാതൃഭൂമിയോട് കടപ്പാട് )**

**ജി. ശക്തിധരൻ**
**(ഫെയ്സ്ബുക്ക് പോസ്റ്റിന്റെ സംഗ്രഹം)**